**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) ഉത്തരവ് നം. DHS/03/2025-ED1,തീയതി: 29.09.2025.

2)ഉത്തരവ് നം. ഇ.എസ്.2-151198/05 /ആ.വ.ഡ, തീയതി: 02/02/2007.

3) ഉത്തരവ് നം. ഇ.എസ്.2-49915/20/ആ.വ.ഡ, തീയതി: 26/07/2021.

4) ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ ജീവനക്കാരുടെ വിവരങ്ങൾ.

5) ജി.ഒ.(പി). നം. 27/2021/ഫിൻ., തീയതി; 10/02/2021.

**ഉത്തരവ് നം : DHS/3/2025-ED1, തീയതി : 31-03-2026**

സീനിയർ ക്ലാർക്ക് തസ്തികയിൽ 01.01.2025 മുതൽ 31.07.2025 വരെ ഉണ്ടായ ഒഴിവുകളിലേക്ക് പരാമർശം (1) പ്രകാരം ക്ലാർക്ക് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകിയിരുന്നു. തുടർന്ന്, 01.08.2025 മുതൽ 31.12.2025 വരെ ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് അനുബന്ധം –1 ൽ ഉൾപ്പെട്ടിട്ടുള്ള എം.ഒ.പി., അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) പാസായതും പ്രൊബേഷൻ പൂർത്തിയാക്കിയതുമായ ക്ലാർക്കുമാർക്ക്, 35600–75400 ശമ്പള സ്കെയിലിൽ, കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 28(b)(ii) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു. ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികകളിലെ ജോലിസ്വഭാവത്തിൽ മാറ്റമില്ലാത്തതിനാൽ, ബന്ധപ്പെട്ട ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തന്നെ തുടരാവുന്നതാണ്.

2. അനുബന്ധം–1 ൽ ഉൾപ്പെട്ട ജീവനക്കാരുടെ ക്ലാർക്ക് തസ്തികയിലെ

സീനിയോറിറ്റിയും, വകുപ്പ് തല ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ വിജയിച്ച യോഗ്യതയും പരിഗണിച്ചുകൊണ്ട്, ടി കാലയളവിൽ ഉണ്ടായ ഒഴിവുകൾക്ക് അനുസൃതമായിട്ടാണ്ഉദ്യോഗക്കയറ്റത്തിന്റെ പ്രാബല്യ തീയതി നിശ്ചയിച്ചിട്ടുള്ളത്. (8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ള ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളവർ ഒഴികെ) പരാമർശം (5) ഉത്തരവിന് വിധേയമായി, സീനിയർ ക്ലാർക്ക് പ്രമോഷന്റെ പ്രാബല്യ തീയതി അനുസരിച്ച് ശമ്പള നിർണ്ണയം നടത്താവുന്നതാണ്.

3. പ്രസ്തുത പ്രമോഷൻ ഉത്തരവിനെതിരെ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ, നിർദ്ദിഷ്ട തീയതിക്കകം ഈ ഓഫീസിൽ രേഖാമൂലം 07/04/2026 ന് മുൻപായി അപ്പീൽ സമർപ്പിക്കാവുന്നതും അല്ലാത്തപക്ഷം, ഉത്തരവ് അന്തിമമായി പരിഗണിക്കുന്നതാണ്.

4.സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപ്, ബന്ധപ്പെട്ട സ്ഥാപന മേധാവികൾ താഴെപ്പറയുന്ന വിവരങ്ങൾ/രേഖകൾ നിർബന്ധമായും പരിശോധിക്കേണ്ടതാണ്.

- സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ
- പേര്
- ജനന തീയതി
- പരിവീക്ഷണ കാലാവധി പൂർത്തിയാക്കിയ തീയതി
- എം.ഒ.പി., അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) സർട്ടിഫിക്കറ്റുകൾ

ജില്ലാ മെഡിക്കൽ ഓഫീസർമാരോ സ്ഥാപന മേധാവികളോ നൽകിയ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരെങ്കിലും ഈ പ്രമോഷൻ ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അവരുടെ ഉദ്യോഗക്കയറ്റം ഈ ഉത്തരവിന്റെ തീയതി മുതൽ അസാധുവായതായി കണക്കാക്കുന്നതാണ്.

4. കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 13(A) പ്രകാരം താൽക്കാലികമായി സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രമോഷൻ ലഭിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ, പ്രസ്തുത പ്രമോഷൻ ലഭിച്ചതിന്റെ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് വിജയിക്കാത്ത പക്ഷം ക്ലാർക്ക്

കേഡറിലേയ്ക്ക് തരംതാഴ്ത്തുന്നതാണെന്ന് രേഖപ്പെടുത്തുകയും, അതുസംബന്ധിച്ച ഡിക്ലറേഷൻ സാക്ഷ്യപ്പെടുത്തി സർവ്വീസ് ബുക്കിൽ പതിപ്പിക്കുകയും വേണം. നിർദ്ദിഷ്ട കാലയളവിനുള്ളിൽ ടെസ്റ്റ് വിജയിക്കാത്ത പക്ഷം, ബന്ധപ്പെട്ട ജീവനക്കാരെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5 പ്രമോഷൻ ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ്, ഡിക്ലറേഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

6. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും, കൂടാതെ പ്രമോഷൻ ലഭിച്ച ജീവനക്കാർക്കും, ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Digitally signed by
M . Abul Kalam
Date: 31-03-2026
14:27:46

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന).

പകർപ്പ് : 1) ആരോഗ്യവകുപ്പ് ഡയറക്ടറുടെ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.

2) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം).

3) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.

4)ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.

5) ഫയൽ/കരുതൽ ഫയൽ.

| Sl. No. | Rank No. | Year of Siniority List | Name | PEN | Present Station | DOB | Date Of Joining | Departmental Qualifications Month & Year | Promotion effect | Nature Of Vacancy | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 142 | 2017-2019 | Sri.Sivaprasd.S. Gopimth | 834835 | DH Thodupuzha ,Idukki | 05-05-1989 | 11-05-2018 | | 01/08/2025 | RetirementSri. Ganeshan C.K. | Temporarily exemption from passing the departmental tests under KS&SSR Rule 13 A |
| 2 | 294 | 2017 - 2019 | Suraj S. Suresan | 871109 | DIRECTORATE OF HEALTH SERVICES THIRUVANANTHAPURAM , | 22/12/1989 | 09/08/2019 | AT (L) Jan 2023 | 01/09/2025 | RetirementTerimaria Sosa | |
| 3 | 167 | 2017 - 2019 | Sri. Dhanakeswaran.C | 742708 | W&C Ponnani, Malappuram | 09-01-1975 | 11-07-2018 | MOP Jan 2019 | 26/10/2025 | Death of Vimalraj V. | Permanent exemption from passing the obligatory departmental tests under KS&SSR Rule 13 B |
| 4 | 313 | 1994 - 1997 | Sri. Sudheerkumar V.S. | 358249 | FHC Kadukutty Thrissur | 21/09/1975 | 7/12/96 | | 10-11-2025 | Promotion of Sunil K.K. | Permanent exemption from passing the obligatory departmental tests under KS&SSR Rule 13 B |
| 5 | 296 | 2017 - 2019 | Jayesh K.M. | 872949 | CHC Meenangadi, Wayanad | 24/04/1987 | 02/09/2019 | AT (L) Jul -2020 | 10-11-2025 | Promotion of Jaleel T.P. | |
| 6 | 297 | 2017 - 2019 | Neethu K. | 808767 | DH Mananthavady, Wayanad | 18/02/1989 | 06/09/2019 | | 10-11-2025 | Promotion of Sony Solomon | Temporarily exemption from passing the departmental tests under KS&SSR Rule 13 A |
| 7 | 298 | 2017 - 2019 | Abhijith B.S. | 874814 | PHC Kollar Vattiyar .Idukki | 30/05/1996 | 03/10/2019 | AT (L) Jul 2023 | 30/11/2025 | Retirement of Beena E.K. | On Deputation |
| 8 | 300 | 2017 - 2019 | Rajesh R. | 848735 | DMO (H), Palakkad | 20/05/1985 | 28/09/2019 | AT (L) Jul 2020 | 01/12/2025 | Retirement of Jacob M. | |

Digitally signed by
M . Abul Kalam
Date: 31-03-2026
14:29:23

SENIOR ADMINISTRATIVE OFFICER